## പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) ആന്റ് ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ, തിരുവനന്തപുരം - ന്റെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : ജി.ഹരികുമാർ**

**വിഷയം:** കാട്ടുതീ പ്രതിരോധം - വയനാട് വന്യജീവി സങ്കേതം അടച്ചിടുന്നത് സംബന്ധിച്ച്.

**സൂചന:** 1. ഈ ഓഫീസിലെ 01.03.2016 ലെ ഇതേ നം. ഉത്തരവ്.

2. വയനാട് വൈൽഡ്‌ലൈഫ് വാർഡന്റെ 20.04.2016 ലെ ഡബ്ല്യു.6-1394/12 നം കത്ത്.

**ഉത്തരവ് നം.ഡബ്ല്യു.എൽ4-11201/16 തീയതി 20.04.2016**

അതികഠിനമായ വേനൽ തുടരുന്നതിനാലും ഇടമഴ ലഭിക്കാത്തതു മൂലം കാട്ടുതീയ്ക്ക് സാധ്യത ഉള്ളതിനാലും വന്യജീവികളുടെ സ്വൈരവിഹാരം, സന്ദർശകരുടെ സുരക്ഷിതത്വം എന്നിവ പരിഗണിച്ച് വയനാട് വന്യജീവി സങ്കേതത്തിന്റെ സുരക്ഷയ്ക്കായി വിനോദ സഞ്ചാരികളുടെ പ്രവേശനം ഒഴിവാക്കിക്കൊണ്ട് 2016 മാർച്ച് 8 മുതൽ ഏപ്രിൽ 20 വരെ വന്യജീവി സങ്കേതം അടച്ചിടുന്നതിന് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. അതികഠിനമായ വേനൽ തുടരുന്നതിനാലും ഇടമഴ ലഭിക്കാത്തതുമൂലവും വന്യജീവി സങ്കേതത്തിൽ വരൾച്ച തുടരുകയാണ്. മറ്റു വന്യജീവി സങ്കേതങ്ങളിൽനിന്ന് വയനാട് വന്യജീവി സങ്കേതത്തിലേയ്ക്ക് വന്യജീവികളുടെ വിഹാരവും കൂടുതലാണ്.

മേൽ സാഹചര്യങ്ങളാലും, വന്യജീവി സങ്കേതം ഏപ്രിൽ 20 ന് തുറക്കുന്നത് അഭികാമ്യം അല്ലായെന്നും, സന്ദർശകരെ ഏപ്രിൽ 30 വരെ വന്യജീവി സങ്കേതത്തിൽ പ്രവേശിപ്പിക്കേണ്ടതില്ലെന്നും വയനാട് വൈൽഡ്‌ലൈഫ് വാർഡൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ചും വയനാട് വന്യജീവി സങ്കേതം 30.04.2016 വരെ വിനോദ സഞ്ചാരികളുടെ പ്രവേശനം ഒഴിവാക്കുന്നതിലേയ്ക്കായി അടച്ചിടുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) &
ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ

21/4/16
ACF (FMIS)

20/4

പകർപ്പ്:
1. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വന്യജീവി വിഭാഗം), പാലക്കാട്
2. വൈൽഡ്‌ലൈഫ് വാർഡൻ, വയനാട്.
3. ഡയറക്ടർ, ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ
4. അസി. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എഫ്.എം.ഐ.എസ്)

D:\Files\2016.Sh\Section Files\WL4\Proceedings.Mal.doc